LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മലപ്പുറം മുന്നിയൂർ സ്കൂളിലെ അദ്ധ്യാപകൻ അനീഷ് മാസ്റ്ററുടെ മരണവുമായി ബന്ധപ്പെട്ട് മലമ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 405/14 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ 66-ഓളം സാക്ഷികളെ കണ്ട് ചോദിച്ചിട്ടുള്ളതും കേസ്സിലേക്കായി ആവശ്യമുള്ള തെളിവ് രേഖകളും രജിസ്റ്ററുകളും മറ്റും ബന്തവസ്സിൽ എടുത്ത് ബഹുമാനപ്പെട്ട കോടതിക്കു മുമ്പാകെ സമർപ്പിച്ചിട്ടുള്ളതുമാണ്. കേസിന്മേൽ ഊർജ്ജിതമായ അന്വേഷണം തുടർന്നുവരുന്നു.

(ബി) പ്രസ്തുത കേസിൽ താഴെപ്പറയുന്നവരെ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1.	സെയ്താലി@ കുഞ്ഞാപ്പ	:	സ്കൂൾ മാനേജർ
2.	മുഹമ്മദ് അഷ്റഫ്	:	FTM, മുന്നിയൂർ സ്കൂൾ
3.	അബ്ദുൾ റസാഖ്	:	സ്കൂൾ ക്ലാർക്ക്
4.	അബ്ദുൾ ഹമീദ്	:	സ്കൂൾ പ്യൂൺ
5.	സുധ. പി. നായർ	:	സ്കൂൾ പ്രധാന അദ്ധ്യാപിക
6.	കെ. സി. ഗോപി	:	റിട്ടയേർഡ് ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസ വകുപ്പ്. മലപ്പുറം.
7.	ഹൈദർ കെ. മുന്നിയൂർ	:	സ്കൂൾ പി.റ്റി.എ. പ്രസിഡന്റ്

പ്രതികളെ കണ്ടുകിട്ടാത്തതിനാൽ അറസ്റ്റ് ചെയ്തിട്ടില്ല പ്രതികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ജാമ്യാപേക്ഷ സമർപ്പിച്ചിരിക്കുകയാണ്.

(സി) ഇല്ല.

(ഡി) ഈ കേസിന്മേൽ ഊർജ്ജിത അന്വേഷണം തുടർന്നുവരുന്നു.

രാഷ്ട്രീയ സംഘടനങ്ങളും വർഗ്ഗീയ കലാപങ്ങളും

219 (223) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എത്ര രാഷ്ട്രീയ സംഘടനങ്ങൾ ഉണ്ടായിട്ടുണ്ട് ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത സംഘട്ടനങ്ങളിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട്. അവരുടെ രാഷ്ട്രീയ ബന്ധം ജില്ലതിരിച്ചു വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് എത്ര വർഗ്ഗീയ കലാപങ്ങൾ ഉണ്ടായിട്ടുണ്ട് ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഡി) വർഗ്ഗീയ കലാപങ്ങളിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് 4625 രാഷ്ട്രീയ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്. 4633 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 20537 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത സംഘട്ടനങ്ങളിൽ 30 പേർ കൊല്ലപ്പെട്ടിട്ടുണ്ട്. അവരുടെ രാഷ്ട്രീയ ബന്ധം വ്യക്തമാക്കുന്ന ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വർഗ്ഗീയ കലാപങ്ങൾ ഉണ്ടായിട്ടില്ല.

(ഡി) ഉത്തരം (സി)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

രാഷ്ട്രീയ കൊലക്കേസ്സുകൾ

220 (224) ശ്രീ. എ. എം. ആരിഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സംസ്ഥാനത്ത് രാഷ്ട്രീയ പ്രവർത്തകർ കൊലചെയ്യപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഏതെല്ലാം തീയതികളിൽ എന്നും വിശദമാക്കാമോ ;

(ബി) ഓരോ കേസ്സിന്റെയും അന്വേഷണ പുരോഗതി വ്യക്തമാക്കാമോ ;

(സി) ഇതിൽ പ്രധാന പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാത്ത കേസ്സുകൾ ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(ഡി) കുറ്റപത്രം കോടതിയിൽ സമർപ്പിച്ചവ എത്ര ;

(ഇ) ഇതിൽ പ്രത്യേക അന്വേഷണ സംഘത്തെ ഏർപ്പെടുത്തി അന്വേഷണം നടത്തിയ കേസ്സുകൾ ഏതെല്ലാം ; വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly